# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 305 15.12.2014-ൽ മറുപടിക്ക്

## സേവനാവകാശ നിയമം നടപ്പാക്കൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി**<br>**ശ്രീ. സി.മോയിൻ കുട്ടി**<br>**ശ്രീ.റ്റി.എ.അഹമ്മദ് കബീർ**<br>**ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സേവനാവകാശ നിയമം നിലവിൽ വന്നശേഷം ജനങ്ങൾക്ക് യഥാസമയം സേവനം ലഭ്യമാവുന്ന കാര്യത്തിൽ വന്നിട്ടുള്ള മാറ്റം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ, വിശദവിവരം വെളിപ്പെടുത്തുമോ ; | (എ) സെക്രട്ടേറിയറ്റിലെ വകുപ്പുകൾ ഉൾപ്പെടെ 117 വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. പ്രധാനപ്പെട്ട എല്ലാ വകുപ്പുകളിലും പൊതുജനങ്ങൾക്ക് നേരിട്ട് നൽകുന്ന സേവനങ്ങളെല്ലാം തന്നെ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>കേരള സംസ്ഥാന സേവനാവകാശ നിയമം നടപ്പിലാക്കിയതിന്റെ പുരോഗതി സംബന്ധിച്ച ഒരു അവലോകന റിപ്പോർട്ട് തയ്യാറാക്കുവാൻ ഐ.എം.ജി. യെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഐ.എം.ജി. ഒരു പഠന റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിരുന്നു. ആയതിൽ മുന്നോട്ടു വച്ചിരുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സേവനാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി |

സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സേവനാവകാശ നിയമ പ്രകാരം സമർപ്പിക്കേണ്ട അപേക്ഷ എന്തെന്നത് സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ ആയത് വ്യക്തമാക്കിക്കൊണ്ട്, 15.11.2014-ലെ 16203/ എ.ആർ.12(1)/13/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചു. പ്രസ്തുത സർക്കുലർ പ്രകാരം സേവനാവകാശ നിയമ പ്രകാരമുള്ള സേവനങ്ങൾ ലഭിക്കുന്നതിന്, കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രത്യേകം അപേക്ഷകളൊന്നും നൽകേണ്ട തില്ലായെന്നും സേവനങ്ങൾ നൽകുന്നതിനു വേണ്ടി സർക്കാർ ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ, കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രസ്തുത വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപനപ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ 21.10.2014-ലെ 16203/എ.ആർ.12(1)/13/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം, കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ, നിയുക്ത

ഉദ്യോഗസ്ഥനോ, പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ, അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്ത പക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ എല്ലാ വ്യവസ്ഥകളും പാലിക്കുന്നതിനും ഓരോ വകുപ്പും സ്ഥാപനവും കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട്, പ്രതിമാസ പത്രികയായി നിശ്ചിത മാതൃകയിൽ, ബന്ധപ്പെട്ട ഭരണവകുപ്പുകൾ മുഖേന ഓരോ മാസവും 5-ാം തീയതിക്കു മുമ്പായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് ലഭ്യമാക്കേണ്ടതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 സംബന്ധിച്ച പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ഐ.എം.ജി. ഡയറക്ടറുടെ മേൽനോട്ടത്തിൽ പ്രാഗത്ഭ്യമുള്ള ഏതെങ്കിലും സർക്കാർ ഏജൻസിയെക്കൊണ്ട് നടപ്പിലാക്കി വിലയിരുത്തൽ റിപ്പോർട്ട്

| | | | |
|---|---|---|---|
| | | | സർക്കാരിൽ സമർപ്പിക്കുവാൻ ഐ.എം.ജി. ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനാവകാശ നിയമത്തിന്റെ വിലയിരുത്തലിനായി ഓൺ ലൈൻ മോണിറ്ററിംഗ് സംവിധാനം സ്ഥാപിക്കുവാൻ വിവര സാങ്കേതിക വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സേവനാവകാശ നിയമത്തിൽ അനുശാസിക്കുംപ്രകാരം പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുന്ന കാര്യത്തിൽ കൈവരിക്കാനായ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ, ആയതു സംബന്ധിച്ച കണ്ടെത്തലുകൾ വിശദമാക്കുമോ ; | (ബി) | സേവനാവകാശ നിയമത്തിൽ പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തണമെന്ന് അനുശാസിക്കുന്നില്ല. |
| (സി) | നിയമം ശരിയായവിധം നടപ്പാക്കുന്ന കാര്യത്തിൽ നിലനിൽക്കുന്ന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ, അവ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | (സി) | നിയമം ശരിയായ വിധത്തിൽ നടപ്പിലാക്കുന്ന കാര്യത്തിൽ തടസ്സങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ